# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LI - JK 15 | 2018 February 03 | No. 3


## PASTORAL LETTER

# വിശുദ്ധ നോമ്പുകാലം 2018

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

യേശുവിന്റെ പീഢാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാസം, പ്രാർത്ഥന, ധർമ്മ ദാനം തുടങ്ങിയ വിശുദ്ധീകരണമാർഗങ്ങളിലൂടെ നമ്മുടെ ജീവിതം നവീകരിക്കാൻ ആഹ്വാനം ചെയ്യുന്ന വിശുദ്ധ നോമ്പുകാലം 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച ആരംഭിക്കുകയാണ്. അന്നേ ദിനം തിരുക്കർമ്മങ്ങൾക്കിടയിൽ കാർമ്മികൻ നമ്മെ നോക്കി പറയും 'മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്ക് തന്നെ നീ പിന്തിരിയും'. അങ്ങനെ നമ്മുടെ നിസാരതയെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വിശുദ്ധീകരണത്തിന്റെയും വഴിയിലൂടെയുള്ള യാത്രയ്ക്ക് നാം വിഭൂതി ബുധനാഴ്ച തുടക്കം കുറിക്കുകയാണ്.

അനുരഞ്ജനത്തിന്റെ ഈ പുണ്യകാലത്ത് വിശുദ്ധകുരിശിന്റെ തണലിൽ നമ്മുടെ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്ന നല്ല അനുഭവങ്ങൾ നമുക്കുണ്ടാകട്ടെ എന്ന് ഞാൻ

ആഗ്രഹിക്കുന്നു. നാല്പതു ദിവസത്തെ മരുഭൂമി വാസത്തിൽ യേശു മുഴുവൻ സമയവും ചെലവഴിച്ചത് പ്രാർത്ഥനയ്ക്കാണ്. പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനുള്ള സന്നദ്ധതയാണ് യേശുവിന്റെ പ്രാർത്ഥനകളുടെ ഉള്ളടക്കം. പ്രഭാതത്തിലും (മാർക്കോ 1:35-38) രാത്രിയിലും (ലൂക്കാ 6:12) പ്രാർത്ഥിച്ച യേശുവിന്റെ മാതൃകയാവണം ഈ നോമ്പു കാലത്ത് നമ്മളും പിന്തുടരേണ്ടത്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഒരു കുടുംബദിന ദിവ്യബലി മധ്യേ നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറയുന്നുണ്ട്: കുടുംബം ഒന്നിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കാഴ്ച അതി മനോഹരമാണ്. അത് വലിയ ശക്തിയുടെ സ്രോതസാണ്. അവിടെ എല്ലാവരും പരസ്പരം പ്രാർത്ഥിക്കുകയാണ് - ഭർത്താവ് ഭാര്യയ്ക്ക് വേണ്ടി, ഭാര്യ ഭർത്താവിനുവേണ്ടി, അവർ ഒരുമിച്ച് മക്കൾക്ക്വേണ്ടി, മക്കൾ മാതാപിതാക്കൾക്കും അപ്പൂപ്പൻ അമ്മൂമ്മമാർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു. ഇങ്ങനെ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുമ്പോൾ കുടുംബജീവിതം സുദൃഢമാകും. നസ്രത്തിലെ തിരുക്കുടുംബംപോലെ പരിശുദ്ധി നിറഞ്ഞതാകും.

ഫ്രാൻസിസ് പാപ്പാ മറ്റൊരവസരത്തിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളോട് സംസാരിച്ചപ്പോൾ പറഞ്ഞതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്. "കുടുംബത്തിലെ അത്താഴമേശയ്ക്ക് ചുറ്റുമിരിക്കുമ്പോൾ നിങ്ങളുടെ മൊബൈൽഫോണുകൾ താഴെവച്ച് പരസ്പരമുള്ള സംഭാഷണത്തിൽ മുഴുകുക" എന്ന്. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാത്ത, പരസ്പരം സ്നേഹഭാഷണം നടത്താത്ത കുടുംബത്തെ ഒരു കുടുംബമെന്ന് വിളിക്കാൻ കഴിയില്ല എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. പരസ്പരമുള്ള ആശയവിനിമയത്തിന്റെയും സംഭാഷണത്തിന്റെയും അഭാവം യുദ്ധവും തകർച്ചയും ക്ഷണിച്ചുവരുത്തുമെന്നും പാപ്പാ മുന്നറിയിപ്പു നൽകുന്നു.

'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാനുമുണ്ടായിരിക്കും' (മത്താ. 18:20) എന്ന യേശുവിന്റെ വാഗ്ദാനത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട് നമുക്ക് നമ്മുടെ കുടുംബങ്ങളിൽ ഒരുമിച്ചിരുന്ന് കുടുംബപ്രാർത്ഥന ചൊല്ലാം. കുടുംബപ്രാർത്ഥന നമ്മുടെ സമ്പന്നമായ പാരമ്പര്യത്തിന്റെ ഭാഗമാണ്. അപ്പനും

അമ്മയും മക്കളും ചെറുമക്കളും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ച് ഒടുവിൽ പരസ്പരം സ്തുതി ചൊല്ലുന്ന മഹത്തായ ആ പാരമ്പര്യം തുടരുന്നതിൽ ഒരിക്കലും വീഴ്ചവരരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അത് നമ്മുടെ കുടുംബങ്ങളുടെ ഭദ്രതയ്ക്കും വിശ്വാസജീവിതത്തിനും ഐക്യത്തിനും അനിവാര്യമാണ് എന്നതിൽ സംശയമില്ല.

ഈ വിശുദ്ധ നോമ്പുകാലം കൂടുതൽ അർത്ഥപൂർണ്ണമായി ആചരിക്കുന്നതിനുവേണ്ടി കെ.ആർ.എൽ.സി.ബി.സി. ഫാമിലി കമ്മീഷനും അതിരൂപതാ ബൈബിൾ കമ്മീഷനും നിർദ്ദേശിക്കുന്ന ചില കർമ്മ പരിപാടികൾ ഞാൻ ചുവടെ ചേർക്കുന്നു.

## നവമാധ്യമ ഉപവാസം

സമകാലിക സാഹചര്യങ്ങളിൽ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നതിനും ക്രൈസ്തവീക മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള പോംവഴികളെക്കുറിച്ചാലോചിക്കുന്നതിനും സഹായകരമായ ഒരു പഠനം കെ.ആർ.എൽ.സി.ബി.സി. ഫാമിലി കമ്മീഷൻ നടത്തുകയുണ്ടായി. സോഷ്യൽ മീഡിയയുടെ അമിതമായ കടന്നുകയറ്റം കുടുംബബന്ധങ്ങളെ താറുമാറാക്കിക്കൊണ്ടിരിക്കുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും സംഭാഷണവും കുറഞ്ഞു വരുന്നു. അടുത്തിരിക്കുന്നവർ തമ്മിലാണ് ഏറ്റവും വലിയ അകലം സൃഷ്ടിക്കപ്പെടുന്നത്. സാങ്കല്പികമായി സൃഷ്ടിക്കപ്പെടുന്ന തിരക്കുകളുടെ ലോകത്ത് മനുഷ്യർ ഉഴറി ജീവിക്കുകയാണ്. 'കുടുംബങ്ങളുടെ വീണ്ടെടുപ്പിന്' ഏറ്റവും അത്യാവശ്യം പല കുടുംബങ്ങളിലും നഷ്ടപ്പെട്ടുപോയ കുടുംബപ്രാർത്ഥനാ ചൈതന്യം തിരികെ കൊണ്ടുവരിക എന്നതാണെന്ന് ഫാമിലി കമ്മീഷന്റെ പഠനം വ്യക്തമാക്കുന്നു. ഈ തപസ്സുകാലത്ത് തുടങ്ങി ദിവസവും സന്ധ്യയ്ക്ക് കുടുംബങ്ങളിൽ ഒരു മണിക്കൂർ നവമാധ്യമരഹിത മണിക്കൂർ *(ഡിജിറ്റൽ ഫ്രീ അവർ - മൊബൈൽ ഫോൺ, വാട്സ് ആപ്, ഇന്റർനെറ്റ്, ഫെയ്സ് ബുക്ക് മുതലായവ മാറ്റിവച്ച്)* ആയി ആചരിക്കുകയും കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് കുടുംബപ്രാർത്ഥന, ഭക്ഷണം പങ്കുവയ്ക്കൽ, സംഭാഷണം എന്നിവയ്ക്കായി ആ സമയം ചെലവഴിക്കുകയും ചെയ്യുക എന്നതാണ് പ്രധാനമായും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇത് 2018 ഫെബ്രുവരി 14 വിഭൂതി ബുധനാഴ്ച മുതൽ എല്ലാ കുടുംബങ്ങളിലും പ്രാവർത്തികമാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## അഖണ്ഡ ബൈബിൾ പാരായണം

യേശുക്രിസ്തു തന്റെ ദൗത്യനിർവഹണത്തിനു മുന്നോടിയായി മരുഭൂമിയിൽവച്ചു നേരിട്ട പ്രലോഭനങ്ങളെ അതിജീവിച്ചത് ദൈവവചനത്തിന്റെ പിന്തുണയോടുകൂടിയാണ്. ഈ നോമ്പുകാലാചരണം യേശുവിനോടൊത്തുള്ള വചനധ്യാനത്തിനുള്ള ഒരു അവസരമായി നമുക്കും കരുതാം. നമ്മുടെ അതിരൂപതയിലെ ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 'റഹമിം 2018' – അഖണ്ഡ ബൈബിൾ പാരായണം ഇതിന് നമ്മെ സഹായിക്കുന്നതിനുവേണ്ടി ഒരുക്കിയിട്ടുള്ളതാണ്. നോമ്പുകാലത്തിലെ 40 ദിനരാത്രങ്ങൾ വചനപാരായണത്തിനും ശ്രവണത്തിനും ധ്യാനത്തിനുമുള്ള ഒരവസരമായി നമുക്ക് സ്വീകരിക്കാം. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള സമയക്രമമനുസരിച്ച് എല്ലാ ഇടവകകളിലും അഖണ്ഡ ബൈബിൾ പാരായണം സംഘടിപ്പിക്കണമെന്ന് പ്രത്യകം ഓർമ്മിപ്പിക്കുന്നു.

പതിവുപോലെ നോമ്പുകാലത്തെ നമ്മുടെ ത്യാഗത്തിന്റെ ഓഹരി വിശപ്പും രോഗവും അനുഭവിക്കുന്ന സഹോദരങ്ങളുമായും നമുക്ക് പങ്കുവയ്ക്കാം. നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ പിരിവ് ഈ ലക്ഷ്യത്തിന് അയച്ചുകൊടുക്കുവാൻ അതിരൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. കൂടാതെ പെസഹാവ്യാഴാഴ്ച ദിവ്യബലിമധ്യേ സ്തോത്രക്കാഴ്ചയെടുത്ത് ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയിലേക്ക് നൽകണമെന്നും ഞാൻ അറിയിക്കുന്നു.

തിരുനാളുകൾ നടത്തുന്ന അവസരങ്ങളിൽ അമിതാഘോഷവും ധൂർത്തും ഒഴിവാക്കി മിച്ചംവയ്ക്കുന്ന തുക ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനും രോഗികൾക്ക് സഹായം നൽകുന്നതിനും മറ്റുമായി വിനിയോഗിക്കുന്ന എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം അനുമോദിക്കുന്നു. ഇനിയും നമ്മുടെ ദേവാലയങ്ങളിൽ തിരുനാളുകൾ നടത്തുമ്പോൾ ഇതുപോലുള്ള കാരുണ്യപ്രവൃത്തികൾ മാതൃക

യായി സ്വീകരിക്കുവാനും അനാവശ്യമായ ചിലവുകൾ ഒഴിവാക്കുവാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഈ വിശുദ്ധ നോമ്പുകാലം നമുക്ക് ഹൃദ്യമായ ഒരു പ്രാർത്ഥനാനുഭവം സമ്മാനിക്കട്ടെ. കുടുംബാംഗങ്ങൾ എല്ലാവരും സ്നേഹത്തിന്റെ നൂലിനാൽ ബന്ധിതരായി, കൂട്ടായ്മയുടെ ചൈതന്യത്തിൽ ചൊല്ലുന്ന സന്ധ്യാപ്രാർത്ഥനയുടെ ശക്തിയാൽ നയിക്കപ്പെടട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2018 ഫെബ്രുവരി 3-ാം തീയതി.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

03.02.2018 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## സർക്കുലർ - 4

# പെസഹാകാല കടമകൾ

തിരുസഭയുടെ കല്പനകളിൽ പ്രധാനപ്പെട്ടവയാണ് കുമ്പസാരത്തേയും വിശുദ്ധ കുർബ്ബാനസ്വീകരണത്തേയും സംബന്ധിച്ചുള്ളവ. അതേപറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്. “യോഗ്യമായ ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്നാണ് സഭ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ചുരുങ്ങിയത് ഉയിർപ്പുതിരുനാളിലെങ്കിലും വിശ്വാസികൾ വിശുദ്ധകുർബ്ബാന സ്വീകരിക്കണം”. (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 290). തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരക പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ കടമകൾ നിറവേറ്റുന്നതിന് വിശ്വാസികൾക്കു സൗകര്യം ലഭിക്കുന്നതിനു പതിവുപോലെ ക്ഷാരബുധൻ മുതൽ പെന്തക്കോസ്താതിരുനാൾവരെയുള്ള സമയം ഇതിനായി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കടമകളെക്കുറിച്ചു വിശ്വാസികളെ ഓർമ്മപ്പെടുത്തണം.

എറണാകുളം — ✠ *ജോസഫ് കളത്തിപ്പറമ്പിൽ*

03.02.2018 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 5

## The Chrism Mass

*Dear Rev. Fathers,*

The Liturgy recommends that the Mass of the Chrism concelebrated by the Bishop and his priests, should be manifestation of the fellowship of the priests with their Bishop. In order to show the unity of the presbyterium it is recommended that as many priests as possible of our Archdiocese participate in the Concelebrated Mass of the Chrism at 7.30 am in our St. Francis Assisi Cathedral on Maundy Thursday, March 29$^{th}$, 2018.

*Yours devotedly in Christ Jesus,*

Ernakulam
03.02.2018

✠ **Joseph Kalathiparambil**
Archbishop of Verapoly

CIRCULAR - 6

## Devotion to St. Joseph

*Dear Rev. Fathers,*

As St. Joseph is the Patron of the Universal Church and also the special Patron of our Archdiocese according to the Rescript of Pope Leo XIII, dated April 1, 1888 his feast on March 19 must be celebrated with due Solemnity.

The highly fruitful devotion to St. Joseph, which has been a special feature of our people from ancient times, has to be kept up with increasing fervour, especially in these days of spiritual ardity and disruption of family life.

I would therefore direct as follows:-

1. The feast should be solemnly celebrated with High Mass, Sermon etc.
2. Wherever possible, a treat to the poor should be arranged.

With cordial blessings,

Ernakulam
03.02.2018

✠ **Joseph Kalathiparambil**
Archbishop of Verapoly

## സർക്കുലർ - 7

*വന്ദ്യവൈദികരെ,*

ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വിപുലീകരിക്കുന്നതിനും, കാൻസർ ചികിൽസാനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനുമായി 2018 മാർച്ച് 29-ാം തീയതി പെസഹാ വ്യാഴാഴ്ച അതിരൂപതയിലെ എല്ലാ ഇടവകളിലും വിശുദ്ധ കുർബാന മധ്യേ സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക ഇ.എസ്. എസ്.എസ് ഓഫീസിൽ താമസംവിനാ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
03.02.2018 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 5

*Dear Rev. Fathers /Sisters,*

**The Archdiocesan Curia will remain closed during the Holy Week, March 25 - April 1 , 2018.** The Reverend Parish Priests are kindly requested to inform the people about it. No petitions shall be accepted during these days.

Ernakulam — **Chancellor**
03.02.2018 — Archdiocese of Verapoly

## സർക്കുലർ - 8

# തിരുബാലസഖ്യദിനം – 2018 ഫെബ്രുവരി 11

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. യേശുവിന്റെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടി കൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ

ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യ തലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാര ങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തി ന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നു വരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാ പൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴി കളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തി വിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറി യുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവി തത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോ ധനത്തിൽ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടു ന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തു നിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വ ത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതിക വിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

N.B.: ഈ സർക്കുലർ 2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ - 9

# മദ്യവിരുദ്ധ ഞായർ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2018 ഫെബ്രുവരി 18-ാം തീയതി നാം മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മഹാവിപത്താണ്. മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും വർദ്ധിച്ചപ്പോൾ കുടുംബനാഥന്മാർ മാത്രമല്ല യുവജനങ്ങളും കുട്ടികളുംവരെ മദ്യപാനമെന്ന അടിമത്ത്വത്തിലേക്ക് വഴുതി വീഴുന്നു.

നമ്മുടെ കുടുംബങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായ മദ്യവും മയക്കുമരുന്നും പാടേ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഇടവകതലത്തിൽ എടുക്കുവാൻ നമുക്കു സാധിക്കണം. മദ്യവിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം മദ്യപാനത്തിനും മയക്കുമരുന്നിനും അടിമയായവരെ ചികിത്സിക്കുവാനും ബോധവത്കരണ പരിപാടികളോടൊപ്പം ക്രിയാത്മകമായി ജീവിക്കുവാനുമുള്ള കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഉപരിപ്ലവമായ പരിപാടികൾക്കപ്പുറത്ത് ആഴത്തിലെത്തുന്ന ചിന്താധാരകൾ പകർന്നു നല്കുവാൻ നമുക്കു സാധിക്കണം. നമ്മുടെ അതിരൂപതയിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വട്ടപ്പറമ്പിലച്ചനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്ന മറ്റു സമിതി പ്രവർത്തകരെയും ഈ അവസരത്തിൽ പ്രത്യേകം അനുമോദിക്കുന്നു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും വേണ്ടുന്ന സഹകരണവും നല്കണമെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നല്കുന്ന മദ്യവിരുദ്ധ ഞായർ സന്ദേശത്തിലെ ആശയങ്ങൾ ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വിശ്വാസികളെ അറിയിക്കേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2018 ഫെബ്രുവരി 3-ാം തീയതി.

എറണാകുളം
03.02.2018

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# മദ്യവിരുദ്ധ ഞായർ – 18 ഫെബ്രുവരി 2018
## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2018 ഫെബ്രുവരി 18-ാംതീയതി മദ്യ വിരുദ്ധ ഞായറായി ആചരിക്കുകയാണ്. വലിയ നോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന തിന്മകളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കണമെന്ന് ഓരോ നോമ്പുകാലവും നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തിന്മയാണ് മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം. മദ്യാസക്തി ദുർമോഹങ്ങളിലേക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6-10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനംതന്നെ മദ്യാസക്തി എന്ന തിന്മയുടെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. "പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13:13). ജീവിത ബലഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റം.

കെസിബിസി മദ്യവിരുദ്ധ സമിതി കേരളസഭയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഇത് 20-ാം വർഷമാണ്. "മദ്യ വിമുക്ത സഭയും സമൂഹവും" എന്നതാണ് സമിതിയുടെ മുദ്രാവാക്യം. മദ്യവിരുദ്ധ സമിതി സ്വപ്നം കാണുന്ന മദ്യവിമുക്തമായ സഭയും സമൂഹവും എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതു

ണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രതികരിക്കുന്നതും സാധ്യമായ വിധത്തിലെല്ലാം ഈ തിന്മകൾക്കെതിരെ നിലകൊള്ളുന്നതും ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യ പ്രവർത്തനമാണ്. "സ്വന്തം ബോധ്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരുസംഘം ആളുകൾ ഉണ്ടെങ്കിൽ സമൂഹത്തിൽ മാറ്റം വരുത്താനാകും" എന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ മദ്യവിരുദ്ധ പ്രവർത്തകർക്ക് കരുത്തേകേണ്ടതാണ്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങളിൽ ലോകത്തിനു തന്നെ മാതൃകയായിത്തീർന്ന സാംസ്കാരിക കേരളം മദ്യപാനത്തിലും ആത്മഹത്യയിലും ഒന്നാം നിരയിലാണെന്ന ലജ്ജാകരമായ സത്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിന്റേതായിട്ടുണ്ട്. എന്നാൽ കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്ക്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലഹരിയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. ഈ മദ്യ പിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യസംസ്ക്കാരത്തിന്റെ പൈശാചിക രൂപഭാവങ്ങളും അവ കുടുംബ-സാമൂഹ്യ-സാംസ്കാരിക-ധാർമ്മിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സൃഷ്ടിക്കുന്ന ഭീകരാവസ്ഥയും കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുന്നവർ ചെയ്യുന്നത് പാപമാണ്.

മനുഷ്യ നന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-നവോത്ഥാന രംഗങ്ങളിൽ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കെതിരെയുമുള്ള സന്ധിയില്ലാ

സമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരും തലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെയുള്ള സാമൂഹ്യ ഇടപെടൽ.

മദ്യത്തിനെതിരായ പോരാട്ടത്തിൽ സർക്കാർ ഒപ്പമുണ്ടാകും എന്ന പ്രതീക്ഷയ്ക്ക് മങ്ങൽ ഏറ്റുകഴിഞ്ഞു. സർക്കാരിന്റെ മദ്യനയം മദ്യ ലഭ്യത കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണെന്ന് ഓണം-ക്രിസ്തുമസ്സ്ക്കാല റിക്കാർഡ് മദ്യവിൽപ്ന നമ്മെ ബോധ്യപ്പെടുത്തി ക്കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യവിപത്തായി മാറിയിട്ടുണ്ടെന്നും അതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹാ യകമായ നയമായിരിക്കും സ്വീകരിക്കുകയെന്നും' വ്യക്തമാക്കിയിരു ന്നു. എന്നാൽ ഇതിന് കടകവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീക രിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദ്യംചെയ്തത് പ്രതിവർഷം 10 ശതമാനം വീതം ബീവറേജ് ഔട്ട്ലെറ്റുകൾ പൂട്ടുവാ നുള്ള മുൻതീരുമാനം റദ്ദ് ചെയ്യലായിരുന്നു. തുടർന്ന് ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ജനത്തിന് അധികാരം നല്കുന്ന പഞ്ചായത്ത്രാജ്-നഗരപാലികാ ബില്ലിലെ 232, 447 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാല കൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ജനത്തിന്റെ ഈ അ ധികാരം എടുത്തുകളഞ്ഞത്. മുമ്പ് മദ്യനയത്തിന്റെ ഭാഗമായി പഞ്ചന ക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചിരുന്നു. എന്നാൽ ഈ സർക്കാർ ത്രീ സ്റ്റാറും അതിനു മുകളിലും ഉള്ള ഹോട്ട ലുകൾക്കെല്ലാം ബാർ അനുവദിച്ചുകൊടുത്തു. ബീവറേജിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യക്കടകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റി മദ്യം സുലഭമാക്കുകയാണ് സർക്കാർ ചെയ്യുന്നത്. കൂടാതെ മദ്യം സുല ഭമാക്കാനുള്ള വിവിധ നടപടികൾ വിവിധ മേഖലകളിൽ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ആശങ്ക ഉണർത്തുന്ന മറ്റൊരു കാര്യമാണ് ബ്രിട്ടീഷ്കാരുടെ കാലം മുതൽ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 200 മീറ്റർ ചുറ്റളവിൽ മദ്യവില്പന പാടില്ലെന്ന നിയമം ഈ സർക്കാർ എടുത്തുകളഞ്ഞത്. ഇവിടെയുള്ള ദൂരപരിധി 50 മീറ്ററാക്കി ചുരുക്കുകയുണ്ടായി. വിദ്യാലയങ്ങളും ആരാധനാലയങ്ങളും നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെയും ധാർമ്മികതയുടെയും അടയാളങ്ങളാണ്. ഒരു രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തു സൂക്ഷിക്കുവാനുള്ള ബാധ്യത പ്രധാനമായും സർക്കാരിനാണ്. മദ്യക്കച്ചവടക്കാർക്ക്വേണ്ടി അതു അടിയറ വച്ചത് ഖേദകരമാണെന്ന് പറയേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളെയും ദൈവാലയങ്ങളെയുംക്കാൾ മദ്യവില്പനയ്ക്ക് മുൻതൂക്കം കൊടുക്കുന്നത് ധാർമ്മിക അപചയമാണെന്ന് പറയാതെ വയ്യാ. ജനങ്ങളുടെ താത്പര്യമല്ല, മറിച്ച് മദ്യ മുതലാളിമാരുടെ താത്പര്യമാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യവും കൂടുതൽ വ്യക്തമാകുന്നു.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ സമീപനങ്ങളെക്കുറിച്ച് ഏറെ നാളുകളായി നമ്മൾ കേൾക്കുന്നതാണ്. മദ്യവർജ്ജനമെന്നത് ഒരുവ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അതേസമയം, മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനും ഉള്ള അധികാരവും കടമയും ഉത്തരവാദിത്വവും സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യതകുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനനയംപോരാ. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപഭോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്. മദ്യനിയന്ത്രണത്തിലൂടെയും ബോധവത്ക്കരണ കർമ്മപരിപാടികളിയൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം. മദ്യം സുലഭമാക്കിയിട്ട് മദ്യവർജ്ജനം ഉപദേശിക്കുന്നത് മേശപ്പുറത്ത് മിഠായി

ഭരണി തുറന്നുവച്ചിട്ട് അത് കഴിക്കരുതെന്ന് കുട്ടികളെ ഉപദേശിക്കുന്ന തുപോലെ വ്യർത്ഥമാണെന്ന് ഗാന്ധിജി പറഞ്ഞുവച്ചതും നമു ക്കോർക്കാം.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടുക്കേണ്ടത്. പാവ പ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്തുകയും വളർത്തുകയും ചെയ്യു ന്നതിനാവശ്യമായ നയങ്ങളാണ് സർക്കാർ ആവിഷ്ക്കരിക്കേണ്ടത്. മദ്യ നയം പരിശോധിക്കുമ്പോൾ ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി മാറ്റുന്ന നയമാണ് സർക്കാർ അവലംബിക്കുന്നതെന്ന് കാണാം. ഒരു തൊഴി ലാളി മദ്യംകൊണ്ട് ഉപജീവനംനടത്തുമ്പോൾ ആയിരം തൊഴിലാളി കൾ മദ്യം കുടിച്ച് നശിക്കുകയാണ്. മദ്യശാലയ്ക്ക് മുന്നിൽ ഒരാൾ ക്യൂ നിൽക്കുമ്പോൾ അവന്റെ കുടുംബത്തിൽ അസ്വസ്ഥമായ മന സ്സോടെ അഞ്ചുപേർ ഇരിക്കുന്നുണ്ട്. അവരുടെ ദുരിതജീവിതം സർക്കാർ കാണുന്നില്ല, മനസ്സിലാക്കുന്നില്ല. സമൂഹത്തിലെ പാവപ്പെ ട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയും ബാധ്യ തയുമുണ്ട്. മദ്യവില്പനയിൽ നിന്ന് ലഭിക്കുന്ന ലാഭത്തെക്കാൾ കൂടു തൽ തുക സർക്കാരിന് മദ്യം വിതയ്ക്കുന്ന പ്രത്യാഘാതങ്ങളെ നേരി ടാൻ ചിലവാക്കേണ്ടിവരുന്നുണ്ട്. മദ്യം മൂലമുണ്ടാകുന്ന ഗാർഹിക -സ്ത്രീ പീഡനങ്ങൾ, ആക്രമണങ്ങൾ, ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങ ളുടെ വിളയാട്ടങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, കൊലപാത കങ്ങൾ, വിവാഹമോചനങ്ങൾ, രോഗങ്ങൾ തുടങ്ങിയവക്ക് മദ്യം വിൽക്കുന്ന അധികാരികൾ ഉത്തരവാദികളാണ് എന്നതും എടുത്തുപ റയേണ്ടതാണ്. ലഹരിക്കെതിരെ നിലവിലെ സർക്കാർ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ബോധവത്ക്കരണ പരിപാടികളെ സ്വാഗതം ചെയ്യുമ്പോഴും ഈ മദ്യനയം ഒരു ജനാധിപത്യ സർക്കാ രിന് ചേരുന്ന പ്രവർത്തനശൈലിയാണോയെന്ന് ഗൗരവകരമായ പരി ശോധനയ്ക്ക് വിഷയമാക്കണം.

മദ്യത്തോട് സന്ധിയില്ലാ സമരം ചെയ്യുമ്പോഴും പുതിയ തല മുറ മദ്യത്തിൽനിന്നും ഇതര ലഹരി വസ്തുക്കളിലേക്ക് നീങ്ങുന്ന ദുര വസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ സവിശേഷ ശ്രദ്ധപതി

യേണ്ട സാഹചര്യമാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി വിവിധ ഏജൻസികളുടെ പഠന റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരള സമൂഹം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി വർത്തിച്ചുകൊണ്ട് നിർണ്ണായകഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെസിബിസി മദ്യ വിരുദ്ധ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. 2017 നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യനയത്തിനും മദ്യവിപത്തിനുമെതിരെ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നടത്തിയ 'വിമോചനയാത്ര' പ്രത്യേക പ്രശംസ പിടിച്ചുപറ്റിയിരുന്നു. കൂടുതൽ ഫലപ്രദവും ദൂരവ്യാപക മാറ്റങ്ങൾക്ക് വഴിതുറക്കുന്നതുമായ പ്രവർത്തനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ ഇനിയും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ആരംഭിച്ച് മദ്യവിരുദ്ധ പ്രവർത്തനം കാര്യക്ഷമമാക്കണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ ഉത്തരവാദിത്തബോധത്തോടെ എടുക്കണം. മദ്യവിരുദ്ധ ഞായറാഴ്ച്ച ആചരിക്കുന്ന ഫെബ്രുവരി 18-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെസിബിസി മദ്യവിരുദ്ധസമിതിക്ക് നല്കുകയും ചെയ്യുമല്ലോ.

മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യത്തിലേക്ക് പ്രതിബദ്ധതയോടെ നമുക്കൊരുമിച്ച് മുന്നേറാം. മദ്യം തിന്മയാണെന്ന തിരിച്ചറിവും ഈ തിന്മയ്ക്കെതിരെ പോരാടാനുള്ള നിശ്ചയദാർഢ്യവും മദ്യവിമുക്ത സമൂഹത്തിനായുള്ള പ്രതിബദ്ധതയും നമുക്ക് വളർത്തിയെടുക്കാം. നല്ല നാളേയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി.

മദ്യവിരുദ്ധ സമിതിയോടു ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവം,

**ബിഷപ് മാർ റെമജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

---

N.B.: ഈ സർക്കുലർ 2018 ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ - 10

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി. തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സിയിൽ ആരംഭിക്കുന്നു. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി. ഫാമിലി കമ്മീഷനായിരിക്കും ഇതിന് നേതൃത്വം കൊടുക്കുക. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാന മധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം.

2018-ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പി.ഒ.സിയിൽ ഒരുക്കിയിരിക്കുന്നത്.

1. **ഏപ്രിൽ 13,14, 15**
2. **നവംബർ 9, 10, 11**

ബന്ധപ്പെടേണ്ട വിലാസം

സെക്രട്ടറി,
കെ.സി.ബി.സി. ഫാമിലി കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം
കൊച്ചി 682025, ഫോൺ : 99950, 28229, 9495812190
E-mail: kcbcfamilycommission@gmail.com,
Website: www.kcbcfamilycommission.org

എറണാകുളം
03.02.2018

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 6

APPOINTMENTS

1. **Rev. Fr. Jenin Antony Marottiparambil**
   Archdiocesan Promoter of C.L.C.

2. **Rev. Fr. Prince Xavier Kannothuparambil**
   Parish Priest
   Sacred Heart Church
   Edappally North,
   AIMS P.O., Cochin - 682 041.

3. **Rev. Fr. Sajeev Roy Thoundayil**
   Priest in Charge
   Our Lady of Fatima Church
   Edayar

Ernakulam **Chancellor**
03.02.2018 Archdiocese of Verapoly

## CASUS
## February, 2018

In certain circumstances, and for salvation of souls, when a marriage is celebrated according to ordinary canonical form, but without the usual publicity, it is called a secret marriage. It was known in 1917 code as a "marriage of conscience" (c. 1104). Now, the local ordinary can permit the celebration of marriage in secret for **grave and urgent causes** (c. 1130). The permission to celebrate a marriage in secret also requires: (1) that the investigations that must precede marriage are conducted in secret; (2) that secrecy concerning the marriage is observed by the local Ordinary, the one who assists at the marriage, the witnesses, and the spouses. Examples of grave and urgent causes for a secret marriage are marriages contrary to civil law but not contrary to natural or ecclesiastical law; marriages in countries where the church is persecuted and religious marriages are forbidden; marriages of those living in concubinage when the community believes them to be married (CLSA Comm). The proper causes in the Indian context could be inter-caste or inter-religious marriages against unreasonable opposition from family members, risk of losing a job or promotion for those "converted" to Hindu religion, loss of pension or dole for a widow or widower if she/he remarries publically; marrying partners living in concubinage when the community believes them to be married, etc. Great care is to be taken in order to preserve secrecy by which are bound the local ordinary, officiant, witnesses and the parties themselves. If, however, should the parties involved freely decide together to make known the fact of their secret marriage, all the others are released from the obligations. The local ordinary, on his part, can break the secret if grave scandal or harm to the holiness of marriage is imminent or if the marriage causes grave damage to the Church.

In a secret celebration of marriage, there is no dispensation from the usual prenuptial enquiry or catechesis. The publication of banns

is, however, dispensed. Moreover, marriages celebrated in secret are not to be recorded in the ordinary parish register, but in a special register kept in the diocesan curia that is not likely to be made available to civil authorities (c. 1133).

**Questions:**

1. Is there provision in the Church for what is called "secret marriage"? (Ref. Can. 1130)
2. What is a "secret marriage"?
3. What are the examples of a **serious and urgent** reason for a secret marriage?
4. What are the requirements of secret celebration of marriage? (Ref. Can. 1131)
5. When does the obligation of secrecy of the Local ordinary cease? (Ref. Can. 1132)
6. Where the secret celebration of marriage should be registered? (Ref. Can. 1133).
7. Is it permissible to celebrate a marriage between a Catholic and a non-Christian during Mass? (See *New Commentary on The Code of Canon Law*, J.P. Beal, J.A. Coriden, and T.J. Green {eds.},TPI, Bangalore, 2003, p. 1352; Rite of Marriage, No. 8; See John M. Huels, *The Pastoral Companion, TPI, Bangalore*, 2016, pp. 299-303).
8. Is it permissible to celebrate a marriage between a Catholic and a non-Catholic during Mass? (See *Motu proprio* "Determining Norms for Mixed Marriages" issued by Pope Paul VI on March 31, 1970; Rite of Marriage, No. 8; See John M. Huels, *The Pastoral Companion, TPI, Bangalore*, 2016, pp. 299-303).

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21